● **റിപ്പോർട്ട്**

എൻ.എ.എം

# തലസ്ഥാനനഗരിയിൽ ചരിത്രമെഴുതി 'ദിശ' എക്സിബിഷൻ



**തിരുവനന്തപുരം:** ഇസ്‌ലാമിനെക്കുറിച്ച് അറിയാൻ അടങ്ങാത്ത ആകാംക്ഷയോടെ പതിനായിരങ്ങൾ ഒഴുകിയെത്തിയ 'ദിശ' ഇസ്‌ലാമിക് എക്സിബിഷൻ തലസ്ഥാനനഗരിയിൽ ചരിത്രമെഴുതി. പുത്തരിക്കണ്ടം മൈതാനിയിൽ ഡയലോഗ് സെന്റർ കേരള സംഘടിപ്പിച്ച പ്രദർശനം ഇസ്‌ലാമികാദർശത്തിന്റെ വിസ്മയകരമായ ദൃശ്യാവിഷ്കാരമായിരുന്നു. കേട്ടുകേൾവിയുടെയും മുൻധാരണകളുടെയും കരിമ്പടങ്ങൾ വകഞ്ഞുമാറ്റി വസ്തുതകളുടെ വെള്ളിവെളിച്ചത്തിലേക്ക് അനുവാചകരെ ആനയിക്കുന്ന കാഴ്ചകളാണ് പ്രദർശന നഗരിയിൽ ഉണ്ടായിരുന്നത്. നവംബർ രണ്ടു മുതൽ ഒമ്പതു വരെ നീണ്ട പ്രദർശനത്തോടനുബന്ധിച്ച് എല്ലാ ദിവസവും സാംസ്കാരിക പരിപാടികളും അരങ്ങേറി.

ഇസ്‌ലാമിക ദർശനത്തെ അതിന്റെ അടിസ്ഥാന സ്രോതസ്സുകളിൽ നിന്ന് അവതരിപ്പിച്ച പ്രദർശനം സമകാലിക ലോകത്തിന്റെ പ്രശ്നങ്ങളോടും നിസ്സഹായനായ മനുഷ്യന്റെ വേദനകളോടുമുള്ള ഇസ്‌ലാമിന്റെ ഐക്യദാർഢ്യം ഉറക്കെ പ്രഖ്യാപിച്ചു. ആരാധനാ കർമങ്ങളിലേക്ക് വെളിച്ചംവീശുന്ന സ്റ്റാളുകൾക്കൊപ്പം ആഗോളസാമ്പത്തിക പ്രതിസന്ധിയടക്കമുള്ള പ്രശ്നങ്ങൾക്ക് ഇസ്‌ലാമികദർശനത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പരിഹാരം നിർദേശിക്കുന്ന കാഴ്ചകളും ദിശയെ ശ്രദ്ധേയമാക്കി. മോഡലുകളും ഹോം തിയേറ്ററുകളും അടക്കമുള്ള ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയാണ് ദിശ ഒരുക്കിയത്. ഇസ്‌ലാമിനെ കുറിച്ച സംശയനിവാരണത്തിന് പ്രത്യേകം കൗൺസലിംഗ് സെന്ററുകളും തുറന്നിരുന്നു. രാത്രി ഏറെ വൈകിയും ഈ സെന്ററുകളിൽ സന്ദർശകരുടെ നിര കാണാമായിരുന്നു.

ലോകയുദ്ധങ്ങൾ മുതൽ ഇറാഖ് അധിനിവേശം വരെയുള്ള സാമ്രാജ്യത്വത്തിന്റെ കൊടുംക്രൂരതകൾ അക്കമിട്ടു നിരത്തുന്ന കാഴ്ചകളാണ് ആദ്യ സ്റ്റാളുകളിൽ ഒരുക്കിയിരുന്നത്. ഇറാഖും വിയറ്റ്നാമും മുതൽ മുത്തങ്ങ വരെയുള്ള മനുഷ്യാവകാശ ലംഘനങ്ങൾ ദൃശ്യങ്ങളിലൂടെയും മോഡലുകളിലൂടെയും അവതരിപ്പിച്ചത് മനസ്സിൽ തട്ടുന്ന അനുഭവമായി. തലയോട്ടി കൂമ്പാരത്തിനു മേൽ ചിറകു വിടർത്തുന്ന കഴുകൻ, ഗ്വാണ്ടനാമോ തടവറയുടെ നടുക്കുന്ന ദൃശ്യം........

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിലമർന്നവരുടെ ദുരന്തങ്ങൾ ചിത്രീകരിക്കുന്ന ഹൃദയഭേദകമായ ദൃശ്യങ്ങളും ഭ്രൂണഹത്യയുടെ ഞെട്ടിക്കുന്ന കാഴ്ചകളും ഹോംതിയേറ്ററിൽ സജ്ജമാക്കിയിരുന്നു. ഖുർആനെ അടുത്തറിയാൻ സൗകര്യമൊരുക്കുന്ന നിരവധി സ്റ്റാളുകൾ നഗരിയിലുണ്ടായിരുന്നു. ഇരുപതോളം വിദേശഭാഷകളിലെ ഖുർആൻ പരിഭാഷകൾ, പത്തോളം ഇന്ത്യൻ ഭാഷകളിലെ ഖുർആൻ പരിഭാഷകൾ, ഖുർആന്റെ അർഥവും നിരവധി സെർച്ച് ഓപ്ഷനുകളുമുള്ള കമ്പ്യൂട്ടർ സോഫ്റ്റുവെയറുകൾ, ലോകപ്രശസ്തരായ നിരവധി ഖുർആൻ പണ്ഡിതന്മാരുടെ പരിഭാഷകൾ, ഒരു നൂറ്റാണ്ട് പഴക്കം വരുന്ന ഖുർആൻ പ്രതികൾ, ഇഞ്ചുകൾ മാത്രം വലുപ്പമുള്ള ഖുർആൻ, വളരെ വലുപ്പമുള്ള ഖുർആൻ പ്രതികൾ തുടങ്ങി ഖുർആനെ കുറിച്ച ഒട്ടേറെ കാഴ്ചകൾ. പ്രവേശന കവാടത്തിൽ ചിപ്പിക്കുള്ളിൽ പ്രത്യക്ഷപ്പെടുന്ന ഖുർആൻ പ്രതിയാണ് സന്ദർശകരെ സ്വീകരിച്ചത്.

പരിസ്ഥിതി പ്രശ്നങ്ങൾക്കും പ്രദർശനത്തിൽ അർഹമായ പ്രാധാന്യം നൽകി. സൂനാമിയുടെയും വിവിധ പ്രദേശങ്ങളിലുണ്ടായ ഭൂകമ്പങ്ങളുടെയും ചിത്രങ്ങൾ ദുരന്തങ്ങളുടെ നേർക്കാഴ്ചയൊരുക്കി.

പ്രവാചകൻ മുഹമ്മദിന്റെ (സ) ജീവിതവും ദർശനവും അടുത്തറിയാൻ പ്രദർശനനഗരിയിൽ നിരവധി അവസരങ്ങൾ ഒരുക്കി. പ്രവാചകനെ കുറിച്ച പുസ്തകങ്ങൾ, അദ്ദേഹത്തെ കുറിച്ച് പ്രമുഖ ചിന്തകന്മാരുടെയും നേതാക്കളുടെയും അഭിപ്രായങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു.

മസ്ജിദ്, നമസ്കാരം, ഹജ്ജ് എന്നിവ ചിത്രീകരിക്കുന്ന സ്റ്റാളുകൾ നാനാജാതി മതസ്ഥരുടെ പ്രശംസ പിടിച്ചുപറ്റി. സ്റ്റാളിലെ മസ്ജിദിനുള്ളിൽ വീഡിയോ ദൃശ്യങ്ങളിലൂടെ നമസ്കാരം അടുത്തറിയാനും മസ്ജിദുൽ ഹറമിന്റെ മോഡലിലൂടെ വിശുദ്ധ ഹജ്ജിനെ പരിചയപ്പെടാനും സന്ദർശകർക്ക് അവസരമുണ്ടായി.

മരണത്തെ ഓർമപ്പെടുത്താ

നായി ഒരുക്കിയ 'മരിക്കുന്ന മനുഷ്യൻ' വേറിട്ട കാഴ്ചയായി. നാൽപതോളം സ്റ്റാളുകളിലെ കാഴ്ചകൾ ഒരേ സമയം ചിന്തോദ്ദീപകവും വിസ്മയകരവുമായിരുന്നു. എല്ലാ ദിവസവും വൈകീട്ട് അരങ്ങേറിയ സാംസ്കാരിക പരിപാടികൾ സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ളവരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി.

മന്ത്രി ബിനോയ് വിശ്വമാണ് പ്രദർശനം ഉദ്ഘാടനം ചെയ്തത്. വിവിധ മതവിശ്വാസങ്ങൾക്കിടയിൽ അറിയാനും അറിയിക്കാനും ലക്ഷ്യമിട്ടുള്ള സംരംഭങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം പറഞ്ഞു.

'ലോകസമ്പദ്ഘടന പ്രതിസന്ധിയും പരിഹാരവും' എന്ന വിഷയത്തിൽ നടന്ന സെമിനാർ മന്ത്രി കെ.പി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. തരിശുഭൂമി ഏറ്റെടുക്കാൻ സർക്കാർ ആലോചിച്ചുവരികയാണെന്ന് അറിയിച്ച അദ്ദേഹം, 1400 വർഷം മുമ്പ് ഇസ്‌ലാം ഇക്കാര്യം കൽപ്പിച്ചിരുന്നത് സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ നിന്നാണ് തനിക്ക് അറിയാൻ കഴിഞ്ഞതെന്നും പറഞ്ഞു.

സമാപനസമ്മേളനം മന്ത്രി മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിന്റെ ശബ്ദം ബോംബു സ്ഫോടനങ്ങളുടേതല്ല, തീവ്രവാദിയായ മകന്റെ മൃതദേഹം കാണേണ്ടെന്ന് പറഞ്ഞ മാതാപിതാക്കളുടേതാണെന്ന് അദ്ദേഹം പറഞ്ഞു.

'സാമൂഹിക സംവിധാനത്തിൽ സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തിൽ ചർച്ചയും മനുഷ്യാവകാശ സെമിനാറും സാംസ്കാരിക പരിപാടികളുടെ ഭാഗമായി നടന്നു. അധിനിവേശ വിരുദ്ധ കാവ്യ സന്ധ്യയും ഓപ്പൺ ഫോറവും ഏറെ ശ്രദ്ധേയമായി.